## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1703 — 18.06.2012 ലെ മറുപടിയ്ക്ക്

## നികുതി അദാലത്തുകൾ

ചോദ്യം — ഉത്തരം

ശ്രീ. പി. ഉബൈദുള്ള

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നികുതി പിരിവിൽ ഉണ്ടായ പുരോഗതി വിശദീകരിക്കാമോ ; | (എ) | അക്കൗണ്ടന്റ് ജനറൽ കേരളയുടെ താൽക്കാലിക കണക്ക് പ്രകാരം 2010-11 സാമ്പത്തിക വർഷത്തെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ, ഈ സർ ക്കാർ അധികാരത്തിൽ വന്ന 2011-12 കാലയളവിൽ, സംസ്ഥാന തനത് നികുതി വരുമാനത്തിൽ 18.40 ശതമാനത്തിന്റെ വളർച്ച ഉണ്ടായിട്ടുണ്ട്. |
| (ബി) | നികുതി പിരിവ് കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത് ; | (ബി) | ലാന്റ് റവന്യൂ വകുപ്പിൽ വിവിധ നികുതി ഇനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ പിരിച്ചെടുക്കാവുന്ന ആകെ തുകയിൽ 97.37% പിരിച്ചെടുത്തിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷങ്ങളിൽ ടി ഇനത്തിൽ 100% പിരിവ് വരുത്തുന്നതിനുള്ള നടപടികൾവർഷാരംഭത്തിൽ തന്നെ പ്രാവർത്തികമാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം താലൂക്ക് തലത്തിൽ പിരിവ് പുരോഗതി വിലയിരുത്തുന്നതിന് ചാർജ്ജ് ഓഫീസർമാരെ ജില്ലാകളക്ടർമാർ നിയമിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഡിസംബർ മാസം മുതൽ മാർച്ച് മാസം വരെയുള്ള കാലയളവിൽ ഊർജ്ജിത പിരിവ് കാലയളവായി കണക്കാക്കി ദൈനംദിനമുള്ള പിരിവ് പരിശോധിച്ച് അവലോകനം നടത്തിവരുന്നു.<br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഉണ്ടാകാതിരിക്കുവാൻ എൻഫോഴ്സ്മെന്റ് പ്രവർത്തനവും, ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും ശക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു |

| | | | |
|---|---|---|---|
| | | | കിട്ടാനുള്ള തുകയും പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.<br>വാണിജ്യനികുതി വകുപ്പിൽ ചരക്കുകൾ ചെക്ക് പോസ്റ്റിലേക്ക് എത്തുന്നതിനു മുമ്പ് തന്നെ വ്യാപാരി സമർപ്പിക്കുന്ന രേഖകളിലെ വിവരങ്ങൾ ശേഖരിക്കാനും ഇതിനെ ചരക്കുവാങ്ങുന്ന വ്യാപാരിയുടെ വിവരങ്ങളുമായി ബന്ധിപ്പാക്കാനും, വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള ചരക്ക് നീക്കം സംബന്ധിച്ച വിവരങ്ങൾ പരിസ്പരം പരിശോധിക്കാനും കഴിയുന്ന തരത്തിൽ സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അമരവിളയിൽ ഒരു സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡിംഗ് എന്നീ നിയമങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾക്ക് ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>മോട്ടോർവാഹന വകുപ്പിൽ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ ആർ.ടി.ഒ. / ജോയിന്റ് ആർ.ടി.ഒ. -കളിലും ബുധനാഴ്ചകളിൽ നികുതി സംബന്ധമായ പ്രവർത്തികൾ മാത്രം നടത്തിയാൽ മതിയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കിയതിനെ തുടർന്ന് വാഹനങ്ങൾ പരിശോധിക്കുന്നതിനും നികുതി ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | കൂടുതൽ നികുതിദായകരുള്ള ഭൂനികുതി, വസ്തു നികുതി, മോട്ടോർ വാഹന നികുതി പോലുള്ള നികുതികൾ പിരിച്ചെടുക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ